## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 2073 — 19.06.2012 -ൽ മറുപടിയ്ക്ക്

## വനശ്രീ ഉൽപ്പന്നങ്ങളുടെ വിപണനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ബെന്നി ബെഹനാൻ**<br>,, വി. പി. സജീന്ദ്രൻ<br>,, എം. പി. വിൻസെന്റ്<br>,, അൻവർ സാദത്ത് | **ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി)** |
| (എ) വനശ്രീ ഉൽപ്പന്നങ്ങളുടെ വിപണനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; | (എ) വനശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി സംസ്ഥാനത്തൊട്ടാകെ 18 വനശ്രീ സ്റ്റാളുകൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ഒരു മൊബൈൽ വനശ്രീ യൂണിറ്റ് കൂടി പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വനശ്രീ യൂണിറ്റുകൾ കൂടുതൽ ഇനം വന വിഭവങ്ങൾ വിൽപ്പന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ചെറുകിട വന വിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിനും,സംസ്കരിക്കുന്നതിനും, മൂല്യവർദ്ധനവ് നടത്തുന്നതിനുമായി വന സംരക്ഷണ സമിതി അംഗങ്ങൾക്ക് സർക്കിൾ തലത്തിൽ കീ സ്റ്റോൺ ഫൗണ്ടേഷൻ എന്ന സ്ഥാപനം വഴി പരിശീലനം നൽകിവരുന്നു. മൊബൈൽ വനശ്രീ തുടങ്ങും. ഇതുവരെ 4 സർക്കിളുകൾ പരിശീലന പരിപാടി പൂർത്തി യാക്കിയിട്ടുണ്ട്. |
| (ബി) വനശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് സൈബർ സ്റ്റാളുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ ; | (ബി) വനശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് സൈബർ സ്റ്റാളുകൾ തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| സി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വനശ്രീയുടെ സ്റ്റാളുകൾ തുടങ്ങുന്ന കാര്യം ആലോചിക്കുന്നുണ്ടോ? | സി) ഇപ്പോൾ തന്നെ വനശ്രീയുടെ സ്റ്റാളുകൾ പ്രധാനമായും വിനോദസഞ്ചാര കേന്ദ്രങ്ങളിലാണ് പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ